"ഭരണഭാഷ-മാതൃഭാഷ"

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 13/06/2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫിസർമാർക്കും.

സർ,

വിഷയം:- വനിതാ ശിശുവികസന വകുപ്പ്- സൈക്കോസോഷ്യൽ പദ്ധതി സ്കൂൾ കൌൺസിലർമാരുടെ അവധി - വ്യക്തത -സംബന്ധിച്ച്:-

സൂചന:- 1. സർ. കത്ത് നം. WCD-C2/21/2022-WCD, തീയതി : 21.05.2022

വകുപ്പിന് കീഴിൽ സേവനമനുഷ്ഠിക്കുന്ന സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ വിവിധ അവധികൾ സംബന്ധിച്ച് വ്യക്തത നൽകികൊണ്ട് സൂചന പ്രകാരം ലഭ്യമായ സർക്കാർ കത്ത് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. മേൽ കത്തിലെ നിർദേശങ്ങൾ അടിസ്ഥാനമാക്കി മാത്രമേ സ്കൂൾ കൗൺസിലർമാർക്ക് അവധി അനുവദിക്കുവാൻ പാടുള്ളൂ എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

വനിതാ ശിശു വികസന ഡയറക്ടർക്ക് വേണ്ടി

പകർപ്പ്
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

E-176544/2022/DWCD

1/5282890/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

വനിത ശിശു വികസന (സി) വകുപ്പ്

നമ്പർ. WCD-C2/21/2022-WCD

21-05-2022.തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ
വനിത ശിശു വികസന വകുപ്പ്

സർ,

വിഷയം:- വനിത ശിശു വികസന വകുപ്പ് - സൈക്കോ സോഷ്യൽ സർവീസ് പദ്ധതി - കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന സ്കൂൾ കൗൺസിലർമാരുടെ അവധി വ്യക്തത സംബന്ധിച്ച്

സൂചന:- താങ്കളുടെ 02.03.2022 തീയതിയിലെ ICDS/A6-9459/2021 നമ്പർ കത്ത്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് ചുവടെ ചേർക്കും വിധം വ്യക്തത നൽകുന്നു .

1) സൈക്കോ സോഷ്യൽ കൗൺസിലർമാർ ഒരു വർഷത്തിൽ കൂടുതലും 5 വർഷത്തിൽ കുറവും കരാറിൽ ഏർപ്പെടുന്നതായി പറഞ്ഞിരിക്കുന്നെങ്കിലും ഓരോ വർഷവും കരാർ അവസാനിക്കുന്ന മുറയ്ക്ക് ഒരു ദിവസം ഇടവേള നൽകി കരാർ പുതുക്കി നൽകുകയാണ് ചെയ്യുന്നത്. ഇത് ഒരു വർഷം കാലാവധിയുള്ള fresh contract ആയിട്ടേ പരിഗണിക്കാൻ കഴിയൂ. അതായത്, ഒരേ തൊഴിലുടമയുടെ കീഴിൽ ഒരേ തസ്തികയിൽ തന്നെ തുടർച്ചയായോ ബ്രേക്കോട്ടു കൂടെയോ രണ്ട് ടേം കോൺട്രാക്റ്റിലും ഒരേ വ്യക്തിയാണ് ഏർപ്പെടുന്നതെങ്കിലും ഒരു കോൺട്രാക്റ്റ് മറ്റു കോൺട്രാക്റ്റിന്റെ തുടർച്ച എന്ന നിലയിൽ കണക്കാക്കാൻ പാടില്ല. ഓരോ കോൺട്രാക്റ്റും വ്യത്യസ്ഥ നിയമനങ്ങൾ എന്ന നിലയിൽ മാത്രം ആണ് കണക്കാക്കേണ്ടത്. ആയതിനാൽ സൈക്കോ സോഷ്യൽ കൗൺസിലേഴ്സിന് KSR PART 1-Appendix VIII clause 1 പ്രകാരമുള്ള അവധിയെ അനുവദിക്കാനാകൂ.

2) (a): കരാർ ജീവനക്കാർക്ക് ഒരു മാസത്തേയ്ക്ക് ഒരു ലീവെന്ന നിരക്കിൽ പരമാവധി 12 ആകസ്മിക അവധി അനുവദിക്കാവുന്നതാണ്. ഇത് കൂടാതെ കേരള സർവീസ് റൂളിലെ അപ്പെന്ഡിക്സ് VIII, clause 1 പ്രകാരം ഒരു വർഷമോ അതിനു താഴെയോ കരാർ അടിസ്ഥാനത്തിൽ നിയമിതരാകുന്ന ജീവനക്കാർക്ക് ഡ്യൂട്ടി ചെയ്ത ദിവസത്തിലെ 1/11 എന്ന കണക്കിൽ ആർജ്ജിത അവധി അനുവദിക്കാവുന്നതും പരമാവധി 15 ദിവസം വരെ ഈ തരത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവധി അനുവദിക്കാവുന്നതുമാണ്. ആർജ്ജിത അവധി തീർന്ന അവസരത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവധി അനിവദിക്കാവുന്നതുമാണ്. ആർജ്ജിത അവധി

തീർന്ന അവസരത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 15 ദിവസം കൂടി "HALF PAY" ലീവ് അനുവദിക്കാവുന്നതാണ്. മേൽ പറഞ്ഞ രീതികളിൽ അനുവദനീയമായ അവധി കരാർ കാലാവധിയിൽ പരമാവധി ഒരു മാസത്തിൽ അധികമാകുവാൻ പാടില്ല. ജോലിയ്ക്കിടയിൽ അപകടം സംഭവിച്ച ചികിത്സയ്ക്കായിട്ട് മേൽ പറഞ്ഞതിൻ പ്രകാരമുള്ള അവധികൾ ചട്ടപ്രകാരം ഉപയുക്തമാക്കാവുന്നതാണ്.

(b): ഒരു വർഷത്തിൽ താഴെ കാലാവധിയുള്ള കരാർ ജീവനക്കാർക്ക് ചട്ടപ്രകാരം അർഹമായ ആകസ്മിക അവധി മാത്രമേ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലമില്ലാതെ അനുവദിക്കുവാനാകൂ.

(c) & (d): 04-01-2021 ലെ സ.ഉ.(പി) നം. 02/2021/Fin പ്രകാരം കരാർ വ്യവസ്ഥയിൽ നിയമിതരാകുന്ന വനിതാ ജീവനക്കാർക്ക്, മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രം പ്രകാരം അവരുടെ പ്രസവം നടക്കാനിടയുള്ള ദിവസത്തിന് 3 ആഴ്ചകൾക്ക് മുൻപുള്ള തീയതി മുതൽ അനുവദനീയമാണ് എന്ന് വ്യവസ്ഥയിൽ, കരാർ ദൈർഘ്യം കണക്കിലെടുക്കാതെ, 180 ദിവസത്തേക്കോ, കരാർ അവസാനിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അന്നു വരെ കെ.എസ്.ആർ., ഭാഗം ഒന്ന്, ചട്ടം 100 പ്രകാരം പൂർണ്ണ ശമ്പളത്തോടെ പ്രസവാവധി അനുവദനീയമാണ്. കൂടാതെ, ടി ഉത്തരവ് പ്രകാരം കരാർ വ്യവസ്ഥയിൽ നിയമിതരാകുന്ന വനിതാ ഉദ്യോഗസ്ഥർക്ക്, മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന് വിധേയമായി കരാർ ദൈർഘ്യം കണക്കിലെടുക്കാതെ ആറ് ആഴ്ചത്തേയ്ക്കോ കരാർ അവസാനിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അന്നു വരെ കെ.എസ്.ആർ., ഭാഗം ഒന്ന്, ചട്ടം 101 പ്രകാരം miscarriage including abortion നുമായി ബന്ധപ്പെട്ട് പൂർണ്ണ ശമ്പളത്തോടെയുള്ള അവധി അനുവദനീയമാണ്. പ്രസവം നടക്കാനിടയുള്ള തീയതിയ്ക്കോ അബോർഷൻ സംഭവിക്കുന്ന തീയതിയ്ക്കോ തൊട്ട് മുൻപ് തൊഴിലുടമയുടെ കീഴിൽ കുറഞ്ഞത് 80 ദിവസമെങ്കിലും ജോലി ചെയ്തിട്ടില്ലാത്ത ഉദ്യോഗസ്ഥർക്ക് മേൽ ആനുകൂല്യങ്ങൾക്ക് അർഹതയില്ല എന്നും ടി ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ടി ആനുകൂല്യം ദിവസ വേതന അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാർക്ക് ബാധകമല്ല.

വിശ്വസ്തതയോടെ,
നിഷ എസ്
അഡിഷണൽ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.